ഏഴുമടക്കിൽ പുൽത്തേരിയിൽ തോട്ടം വച്ചു പിടിപ്പിക്കുന്ന നടപടി

847 [1852] ശ്രീ. വി. സി. കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആഗസ്ത്യർകൂടത്തിനു പോകുന്ന വഴി ഏഴുമടക്കിൽ പുൽത്തേരിയിൽ തോട്ടം വച്ചുപിടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇത് പേപ്പാറ ജലസംഭരണിയെ പ്രതികൂലമായി ബാധിക്കുമോ ;

(സി) തിരുവനന്തപുരത്തെ ശുദ്ധജലവിതരണത്തെ ബാധിക്കുമോ ;

(ഡി) ഈ പുൽമേടിലെ കൃഷി തടയാൻ സർക്കാർ നടപടി സ്വീകരിക്കുമോ ;

(ഇ) ഇവിടത്തെ വന്യമൃഗങ്ങളെ വേട്ടയാടുന്നതു തടയുവാനായി സർക്കാർ എന്തു നടപടിയാണ് സ്വീകരിക്കുന്നത് ?

ഉത്തരം

(എ) ഇല്ല.

(ബി, സി, ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) വേട്ട തടയുന്നതിന് വനസംരക്ഷണസേന ജാഗരൂകരായി പ്രവർത്തിക്കുന്നുണ്ട്. അതിലേക്കായി വാഹനങ്ങളും വയർലസ് സംവിധാനങ്ങളും ഉപയോഗിക്കുന്നുണ്ട്.

പേപ്പാറ ഡാമിന്റെ ക്യാച്ച്മെന്റ് ഏരിയായിലെ വനഭൂമി

848 [1853] ശ്രീ. കെ. വി. സുരേന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പേപ്പാറ ഡാമിന്റെ ക്യാച്ച്മെന്റ് ഏരിയക്കുവേണ്ടി എത്ര ഹെക്ടർ വനഭൂമി ക്ലിയർഫെൽ ചെയ്തു ;

(ബി) ഇതിൽനിന്നും വനംവകുപ്പിന് എന്തു വരുമാനമുണ്ടായി ?

ഉത്തരം

(എ) 519.540 ഹെക്ടർ വനഭൂമി ക്ലിയർഫെൽ ചെയ്തു.

(ബി) 1,23,00,100 രൂപ വരുമാനമുണ്ടായി.

പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്താൻ ആവശ്യമായ വനഭൂമി

849 [1854] ശ്രീ. കെ. വി. സുരേന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരു രാജ്യത്തെ പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിറുത്തുന്നതിന് എത്ര ശതമാനം വനഭൂമി ആവശ്യമാണ് ;

LIBRARY ARCHIVES Kerala Legislative Assembly